**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2129** **30-07-2021 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ പാരാമെഡിക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികവർഗ്ഗ കോളനികളിൽ കോവിഡ് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | നിലവിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ വകുപ്പിന്റെ ഫീൽഡ് തല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ എസ്.റ്റി. പ്രൊമോട്ടർ, ആരോഗ്യവകുപ്പ് അധികൃതർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ, ആശാ വർക്കർമാർ, കുടുംബശ്രീ അനിമേറ്റർമാർ തുടങ്ങിയവരുടെ സഹായത്തോടെ നടന്നു വരുന്നുണ്ട്. ആരോഗ്യ വകുപ്പ് പട്ടിക വർഗ്ഗക്കാർക്കായി പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും നാളിതുവരെ 18 വയസ്സിനു മുകളിലുള്ള പട്ടികവർഗ്ഗക്കാരിൽ 1,69,909 പേർക്ക് ഒന്നാം ഡോസ് വാക്സിനും 25,873 പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രൊമോട്ടർമാർ എന്നിവർ മുഖേന ബോധവൽക്കരണം നടത്തുകയും വാക്സിൻ രജിസ്ട്രേഷന് സഹായി ക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും മാസ്ക് വിതരണം ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ നിന്നും നൽകിയ നോട്ടീസുകൾ, ബാനറുകൾ, ലഘുരേഖകൾ എന്നിവ കോളനികളിൽ വിതരണം നടത്തുകയും ആയതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പട്ടിക വർഗ്ഗക്കാരുടെ ഭാഷകളിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനോ ടൊപ്പം പട്ടികവർഗ്ഗ മേഖലകളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നുണ്ട്. കൂടാതെ ശുദ്ധ ജലം ദൗർലഭ്യമായ കോളനികളിൽ ആയത് ലഭ്യമാക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19 രോഗബാധിതരല്ലാത്ത മറ്റ് രോഗങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ചികിത്സയിൽ കഴിയുന്നവർക്കും, നിത്യേന മരുന്ന് കഴിക്കുന്നവർക്കും ആവശ്യമായ മരുന്നുകൾ കൃത്യമായി എത്തിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർ, എസ്.റ്റി. പ്രൊമോട്ടർമാർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ (16 എണ്ണം) കൃത്യമായ ഇടവേളകളിൽ ദുർഘട പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾപ്പെടെ പരിശോധന, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്തുന്നുണ്ട്. ഇതു കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഒ.പി. ക്ലിനിക്കുകൾ, ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ എന്നിവയും പ്രവർത്തി ക്കുന്നുണ്ട്. കോവിഡ് ബാധിത മേഖലകളിലും രോഗാവസ്ഥ യിലുള്ളവർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് & ന്യൂട്രീഷ്യൻ സപ്പോർട്ട് പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ആശുപത്രിയിൽ പോകുന്നതിനും മരുന്നുകൾ വാങ്ങുന്നതിനും സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയിൽ നിന്നും സഹായം നൽകുന്നുണ്ട്. ചികിത്സ സഹായം ആവശ്യമുള്ളവർക്ക് വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ CFLTC, DCC തുടങ്ങിയ കേന്ദ്രങ്ങളാക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ തീരുമാനപ്രകാരം വിട്ടുനൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ അടിയന്തിര അറിയിപ്പുകൾ നൽകുന്നതിന് വാട്സ് ആപ്പ് ഗ്രൂപ്പുകൾ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഗോത്രഭാഷയിലുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ വകുപ്പ് നടത്തുന്നുണ്ട്. |
| (ബി) | ട്രൈബൽ പാരാമെഡിക്ക് പദ്ധതിയിലൂടെ നിയോഗിക്കപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ട്രൈബൽ പാരാമെഡിക്ക് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ